ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:08.10.2024

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന്മേൽ എഡിജിപി എം.ആർ അജിത്കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ നിയമസഭയിൽ ചർച്ച ആരംഭിച്ചു.

2. പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ നടപടി തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഹരിയാനയിൽ ബിജെപി അധികാരത്തിലേക്ക്. ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് –കോൺഗ്രസ് സഖ്യത്തിന് മുന്നേറ്റം.

4. ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം വിഖ്യാത നടൻ മിഥുൻ ചക്രബർത്തിക്ക്.

5. ക്ഷയരോഗികൾക്കും കുടുംബാംഗങ്ങൾക്കും പോഷകാഹാരം ഉറപ്പാക്കുന്നതിനുള്ള സുപ്രധാന പദ്ധതികളുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം.

6. കഴിവുറ്റതും സുശക്തവും, സ്വയം പര്യാപ്തവും എന്ന പ്രമേയവുമായി ഇന്ന് വ്യോമസേനാ ദിനം. രാജ്യരക്ഷയ്ക്ക് ഇന്ത്യൻ വ്യോമസേന വഹിക്കുന്ന പങ്ക് നിസ്തുലമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

PNU TVM

==========================================

## നിയമസഭ – എഡിജിപി

എഡിജിപി എം.ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന്മേൽ അവതരണാനുമതി നൽകുകയായിരുന്നു. ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിച്ച ചർച്ച തുടരുകയാണ്. ഇന്നലെ നടന്ന രീതിയിലുള്ള പ്രതിഷേധങ്ങൾ സഭയിൽ ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചിരുന്നു.

==========================================

## നിയമസഭ- മുഖ്യമന്ത്രി

പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ നടപടി തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിൽ സണ്ണി ജോസഫിൻറെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സാങ്കേതിക സഹായത്തോടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും, ജനാഭിപ്രായം കണക്കിലെടുത്തും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് വിസ്തൃതി നിർണ്ണയിച്ചത്. കേന്ദ്ര മന്ത്രാലയം ഇതിന് അംഗീകാരം നൽകുമെന്നാണ് സംസ്ഥാന സർക്കാർ കരുതുന്നതെന്നും ഇതിനുള്ള ശ്രമങ്ങൾ ശക്തമായി തുടരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

==========================================

RNU TVPM

## നിയമസഭ- കെ.രാജൻ

വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ നടത്തിയ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണെന് റവന്യൂമന്ത്രി കെ രാജൻ നിയമസഭയിൽ പറഞ്ഞു. ദുരന്ത ബാധിത പ്രദേശങ്ങളെ പൂർവ സ്ഥിതിയിലാക്കുന്നതിനും സമഗ്ര പുനരധിവാസത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് മന്ത്രി അറിയിച്ചു.

==========================================

## നിയമസഭ, പി രാജീവ് – (ഇൻട്രോ)

സംസ്ഥാനത്ത് റോബോട്ടിക്സ്, നിർമിത ബുദ്ധി തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ നിക്ഷേപം ആകർഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി പി രാജീവ്. വ്യവസായ വകുപ്പിനൊപ്പം മറ്റു വകുപ്പുകളുടെ സഹകരണം കൂടി ഉൾപ്പെടുത്തി സർക്കാർ മുന്നോട്ടു പോകുകയാണെന്നും നിയമസഭയിൽ അദ്ദേഹം പറഞ്ഞു.

**(മന്ത്രി ബൈറ്റ്......)**

RIU TVPM

==========================================

## നിയമസഭ – എം.ബി രാജേഷ്

സ്വർണ്ണ വില്പനയിലെ നികുതി ചോർച്ച തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി എം ബി രാജേഷ്. കഴിഞ്ഞ 6 മാസത്തിനിടെ 488 കോടിയുടെ ജി.എസ്.ടി  തട്ടിപ്പാണ് കണ്ടെത്തിയത്. 305 കോടി രൂപ തിരിച്ചടപ്പിക്കാൻ സാധിച്ചതായും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. എന്നാൽ സ്വർണവില ഉയരുന്നതിന് അനുസരിച്ചു നികുതി പിരിവിൽ നിന്നുള്ള വരുമാനം വർധിക്കുന്നില്ലെന്നും മന്ത്രി സഭയിൽ അവതരിപ്പിച്ച കണക്കുകൾ അവാസ്തവമാണെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

==========================================

## നിയമസഭാ തിരഞ്ഞെടുപ്പ് ഫലം

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഹരിയാനയിൽ ബിജെപി അധികാരത്തിലേക്ക്. ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് – കോൺഗ്രസ് സഖ്യത്തിനാണ് മുന്നേറ്റം. ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിച്ച ഒരു സീറ്റ് ബിജെപി നേടി. ആകെയുള്ള 90 മണ്ഡലങ്ങളിൽ ബിജെപി - 49 സീറ്റുകളിലും കോൺഗ്രസ് – 34 ലും മുന്നേറ്റം തുടരുന്നു.

ജമ്മു കശ്മീരിൽ നാല് നിയമസഭാ മണ്ഡലങ്ങളിലെ ഫലം പ്രഖ്യാപിച്ചപ്പോൾ ബിജെപിക്ക് രണ്ട് മണ്ഡലങ്ങളിൽ ജയം. രണ്ടിടത്ത് നാഷണൽ കോൺഫറൻസ് വിജയിച്ചു.

തിരഞ്ഞെടുപ്പ് നടന്ന 90 മണ്ഡലങ്ങളിൽ
നാഷണൽ കോൺഫറൻസ് – 43 ലും
ബിജെപി - 28 സീറ്റുകളിലും മുന്നേറ്റം തുടരുന്നു.
എട്ട് മണ്ഡലങ്ങളിൽ കോൺഗ്രസ് മുന്നേറുന്നു.

RIUTVPM

==========================================

## ജമ്മു കശ്മീർ – വിജയം പരാജയം

നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള മുന്നിലാണ്.

കുൽഗാമിൽ സിപിഐഎം സ്ഥാനാർത്ഥി മുഹമ്മദ് യൂസഫ് തരിഗാമി ലീഡ് നേടി.

പിഡിപി നേതാവും മെഹബൂബ മുഫ്തിയുടെ മകളുമായ ഇൽതിജ മുഫ്തി പിന്നിലാണ്.

==========================================

## ഹരിയാന – വിജയം പരാജയം

ഹരിയാനയിൽ നിലവിലെ മുഖ്യമന്ത്രിയും ബിജെപി സ്ഥാനാർത്ഥിയുമായ നായബ് സിങ് സൈനി ലീഡ് ചെയ്യുന്നു. മന്ത്രിസഭാംഗമായ അനിൽ വിജും പിന്നിലാണ്.
കോൺഗ്രസ് നേതാവ് ഭൂപീന്ദർ സിങ് ഹൂഡ ലീഡ് ചെയ്യുന്നു. ഗുസ്തിതാരവും കോൺഗ്രസ് സ്ഥാനാർത്ഥിയുമായ വിനേഷ് ഫോഗട്ട് മുന്നിലാണ്.

==========================================

## രാഷ്ട്രപതി-ചലച്ചിത്ര പുരസ്കാരങ്ങൾ

70-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. വിഖ്യാത നടൻ മിഥുൻ ചക്രബർത്തിക്ക് ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽകെ പുരസ്ക്കാരം സമ്മാനിക്കും. മികച്ച നടനുള്ള പുരസ്ക്കാരം ഋഷഭ് ഷെട്ടിയും, മികച്ച നടിക്കുള്ള പുരസ്കാരം നിത്യ മേനോനും മാനസി പരേഖും ഏറ്റുവാങ്ങും. മലയാളത്തിൽ നിന്നുള്ള **ആട്ടം** - ആണ് 2022 ലെ മികച്ച ചലച്ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടത്.

==========================================

## നിക്ഷയ് പോഷൻ യോജന

ക്ഷയരോഗികൾക്കും കുടുംബാംഗങ്ങൾക്കും രോഗികളുമായി സമ്പർക്കം പുലർത്തുന്നവർക്കും പോഷകാഹാരം ഉറപ്പാക്കുന്നതിനുള്ള സുപ്രധാന സംരംഭങ്ങൾ
കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ പ്രഖ്യാപിച്ചു. ക്ഷയരോഗ നിർമ്മാർജ്ജനത്തിനുള്ള നിക്ഷയ് പോഷൻ യോജനയ്ക്ക് കീഴിലുള്ള പ്രതിമാസ സഹായം 500 രൂപയിൽ നിന്ന് 1000 രൂപയാക്കി.
ക്ഷയരോഗികൾക്ക് 6,000 രൂപ വരെ ധനസഹായം ലഭിക്കും. 25 ലക്ഷം പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. നേരിട്ടുള്ള

PNU TVPM

ആനുകൂല്യ കൈമാറ്റത്തിലൂടെ **1.13 കോടി** ഗുണഭോക്താക്കൾക്ക് **3,202 കോടി** രൂപ ഇതുവരെ വിതരണം ചെയ്തു.

=========================================

## വ്യോമസേനാ ദിനം – പ്രധാനമന്ത്രി

വ്യോമസേനാ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ വ്യോമസേനയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. വ്യോമസേനയുടെ ധൈര്യവും പ്രവർത്തനമികവും പ്രശംസനീയമാണ്. രാജ്യത്തെ സംരക്ഷിക്കുന്നതിൽ വ്യോമസേന നിസ്തുലമായ പങ്കാണ് വഹിക്കുന്നതെന്നും സാമൂഹിക മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി കുറിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഏറ്റവും ശക്തമായ വ്യോമസേനകളിലൊന്നായി ഇന്ത്യൻ വ്യോമസേന മാറിയതെങ്ങനെയെന്ന് വ്യക്തമാക്കുന്ന വീഡിയോയും പ്രധാനമന്ത്രി പങ്കുവെച്ചു.

=========================================

## പ്രധാനമന്ത്രി – നവരാത്രി

PIB TVPM

നവരാത്രിയുടെ ആറാം ദിനത്തിൽ കാർത്ത്യായനീ ദേവിയുടെ അനുഗ്രഹം എല്ലാവരുടെയും ജീവിതത്തിൽ ശക്തിയും ദൃഢതയും ധൈര്യവും നിറയ്ക്കട്ടെയെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

=========================================

## വ്യോമസേനാ ദിനം

ഇന്ന് വ്യോമസേനാ ദിനം. **കഴിവുറ്റതും സുശക്തവും, സ്വയം പര്യാപ്തവും** - എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം. ഇന്ത്യൻ വ്യോമസേനയുടെ നേതൃത്വത്തിലുള്ള മെഗാ **'വായു വീർ വിജേത'** കാർ റാലിക്ക്, ലഡാക്കിലെ തോയിസിൽ ഇന്ന് തുടക്കമാകും. സേനയുടെ 92-ാാം

വാർഷികത്തോടനുബന്ധിച്ചാണ് ഏഴായിരം കിലോമീറ്റർ ദൈർഘ്യമുള്ള കാർ റാലി സംഘടിപ്പിക്കുന്നത്.

==========================================

## മാൽദീവ്സ് പ്രസിഡന്റ്

മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസുവും പ്രഥമ വനിത സാജിദ മുഹമ്മദും താജ്മഹൽ സന്ദർശിക്കും. ശേഷം മുംബൈയിലെത്തുന്ന അദ്ദേഹം നാളെ ബെംഗളൂരുവും സന്ദർശിക്കും. മാൽദീവ്സ് പ്രസിഡന്റ് വ്യാഴാഴ്ച മാലെയിലേക്ക് മടങ്ങും.

==========================================

## മഴ

കേരളത്തിൽ വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

==========================================

## ഇടുക്കി മഴക്കുറവ് – (ഇൻട്രോ)

ശീതകാല പച്ചക്കറികളുടെ വിള നിലമായ വട്ടവടയിൽ മഴക്കുറവ് കർഷകർക്ക് തിരിച്ചടിയാകുന്നു. കഴിഞ്ഞ ഒന്നരമാസക്കാലത്തോളമായി വട്ടവടയിൽ കാര്യമായി മഴ ലഭിച്ചിട്ടില്ല. ഇനിയും മഴ ലഭിക്കാത്ത സ്ഥിതിയുണ്ടായാൽ വട്ടവടയിലെ കാർഷിക മേഖലയാകെ താളം തെറ്റുമെന്ന് കർഷകർ പറയുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
**(വോയിസ്......)**

==========================================

## വനിതാ ടി-20 ക്രിക്കറ്റ്

ഐസിസി വനിതാ ടി-20 ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലൻഡിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 7:30 ന് ഷാർജയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇംഗ്ലണ്ട് 7 വിക്കറ്റിന് ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി.

==========================================

## ഓഹരി+സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് **426** പോയിന്റ് ഉയർന്ന് **81,476** ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി **146** പോയിന്റ് ഉയർന്ന് **24,942** ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് **7,100** രൂപയും പവന് **56,800** രൂപയുമാണ് ഇന്നത്തെ വില.

==========================================

## ലോകാരോഗ്യ സംഘടന

ആരോഗ്യ തൊഴിൽ സേനയുടെ വിദ്യാഭ്യാസ ശേഷി, ലഭ്യത എന്നിവ വിലയിരുത്താൻ ആഫ്രിക്കയെ സഹായിക്കുന്നതിന് ഹെൽത്ത് ലേബർ മാർക്കറ്റ് അനാലിസിസ് സംവിധാനം ലോകാരോഗ്യ സംഘടന പുറത്തിറക്കി. ലേബർ മാർക്കറ്റ് വിശകലനവും ആസൂത്രണവും സംയോജിപ്പിക്കുന്നതിനാണ് സംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിനായുള്ള നിർദ്ദേശപത്രിക 2021-ൽ പുറത്തിറക്കുകയും 25 ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 75 വിദഗ്ധരെ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു.

==========================================

RNU TVPM

## ആദായനികുതി നിയമം

1961-ലെ ആദായനികുതി നിയമത്തിന്റെ സമഗ്ര അവലോകനത്തിനായി കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് ഒരു ആഭ്യന്തര സമിതിക്ക് രൂപം നൽകി. നിയമത്തെ സംക്ഷിപ്തവും വ്യക്തവും ലളിതവുമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായാനാണ് സമിതി രൂപീകരിച്ചത്. തർക്കങ്ങളും വ്യവഹാരങ്ങളും കുറയ്ക്കുന്നതിനായി നികുതിദായകരിൽ നിന്ന് നിർദ്ദേശങ്ങളും ക്ഷണിച്ചു.

==========================================

## റേഷൻ മസ്റ്ററിങ്

റേഷൻ മസ്റ്ററിങ് നടത്താനായി സർക്കാർ നിശ്ചയിച്ച സമയപരിധി ഇന്ന് അവസാനിക്കും. മുഴുവൻ മുൻഗണനാ കാർഡ് അംഗങ്ങളും റേഷൻ കടകളിലെത്തി മസ്റ്ററിങ് പൂർത്തിയാക്കണമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു.

==========================================

## സർക്കാർ നിർദ്ദേശം-ഇടുക്കി

ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. മനോജിനെതിരായ ആരോപണങ്ങളിന്മേൽ 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഡോ. മനോജിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. ഡോ. എസ്. സുരേഷ് വർഗീസിനാണ് ജില്ലാ മെഡിക്കൽ ഓഫിസറുടെ അധിക ചുമതല.

====================

============================

==========================================

RIJU TVPM